# വായ്പാകരാർ

..........................................പഞ്ചായത്തിലെ /മുൻസിപാലിററിയിലെ................ വാർഡിൽ പ്രവർത്തിക്കുന്ന ........................................................................................ കുടുംബശ്രീക്ക് വേണ്ടി കുടുംബശ്രീ യൂണിററിലെ അംഗങ്ങൾ 2020 ........................... മാസം ............ തീയ്യതി വടകര കോ - ഓപ്പറേററീവ് റൂറൽ ബേങ്ക് സിക്രട്ടറിക്ക് നൽകുന്ന വായ്പ കരാർ.

വടകര കോ -ഓപ്പറേററീവ് റൂറൽ ബേങ്കിൽ കഴിഞ്ഞ .................... വർഷമായി വായ്പ നിക്ഷേപ ഇടപാടുകൾ നടത്തിവരുന്ന ...................................................... കുടുംബശ്രീയിലെ അംഗങ്ങൾ സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ മുററത്തെ മുല്ല ലഘു ഗ്രാമീണ വായ്പ പദ്ധതി പ്രകാരം വായ്പാ വിതരണം നടത്തുന്നതിന് വടകര കോ - ഓപ്പറേററീവ് റൂറൽ ബേങ്കിൽ നിന്നും 10 ലക്ഷം രൂപയുടെ ഒരു ക്യാഷ് ക്രഡിററ് വായ്പ എടുക്കുന്നതിന് ............................ തീയ്യതി ചേർന്ന കുടുംബശ്രീ യൂണിററിന്റെ ......................... നമ്പർ യോഗതീരുമാന പ്രകാരം തീരുമാനിച്ചിട്ടുള്ളതും ആയതിന് സംഘത്തിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

ഇതുസംബന്ധമായി താഴെ പറയുന്ന നിബന്ധനകൾ കൃത്യമായി പാലിക്കുന്നതാണെന്ന് ഞങ്ങൾ ബേങ്കിനെ ഉത്തമവിശ്വാസപ്പെടുത്തുന്നു.

**നിബന്ധനകൾ**

1 ബേങ്കിൽ നിന്നും അനുവദിക്കുന്ന 10 ലക്ഷം രൂപയുടെ ക്യാഷ് ക്രഡിററ് വായ്പ ഒരു വർഷം കാലാവധിയിൽ 9% പലിശ നിരക്കിൽ കൃത്യമായി തിരിച്ചടക്കുന്നതാണ്.

2. ഞങ്ങളുടെ കുടുംബശ്രീ യൂണിററ് .....................................കുടുംബശ്രീയിലെ അംഗങ്ങൾക്ക് വായ്പ നൽകുന്നതിന് ഈ തുക ഉപയോഗിക്കുന്നതല്ല. എന്നാൽ അത്യാവശ്യഘട്ടങ്ങളിൽ വായ്പക്കാരുടെ ആവശ്യം പരിഗണിച്ച് ഉത്തമ ബോധ്യം വരുന്ന സാഹചര്യത്തിൽ പരിമിത എണ്ണം അംഗങ്ങൾക്ക് വായ്പ നൽകാവുന്നതാണ്. ( സഹകരണസംഘം രജിസ്ട്രാറുടെ സർക്കുലർ നമ്പർ 39/2018 ന് വിധേയമായി)

3. ..........................................പഞ്ചായത്തിലെ /മുൻസിപാലിററിയിലെ............. വാർഡിലെ ................ വീട്ടുനമ്പർ മുതലുള്ള .............. നമ്പർ വീട് വരെയുള്ള പ്രദേശവാസികൾക്ക് 1000/- രൂപ മുതൽ 25000/- രൂപ വരെ മുററത്തെ മുല്ല ലഘുഗ്രാമീണ വായ്പ പദ്ധതിയുടെ ഉപനിബന്ധന പ്രകാരം വായ്പ നൽകുന്നതിന് മാത്രമേ വിനിയോഗിക്കുകയുള്ളൂ.

4. വായ്പയുടെ പ്രതിവാര തിരിച്ചടവ് ഞങ്ങളുടെ കുടുംബശ്രീ യൂണിററ് ഉറപ്പുവരുത്തുന്നതും ഇതുസംബന്ധമായ കണക്കുകൾ ലെഡ്ജർ, രജിസ്റ്റർ, വൗച്ചർ മുതലായ രേഖകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ചെയ്യുന്നതാണ്.

5. വായ്പകൾക്ക് പരമാവധി 12% മാത്രം പലിശ ഈടാക്കുന്നതും,ആയിരം രൂപക്ക് 5/-രൂപ പ്രകാരം 25000/- രൂപക്ക് പരമാവധി 125/- രൂപ വരെ കൈകാര്യചിലവായി ഈടാക്കുന്നതുമാണ്. 12% പലിശ നിരക്കിൽ അധികരച്ചോ, നിശ്ചിത കൈകാര്യ ചിലവിൽ അധികരിച്ചോ യാതൊരു സംഖ്യയും വായ്പക്കാരിൽ നിന്നും ഈടാക്കുന്നതല്ല.

6. സംഘത്തിൽ നിന്നും അനുവദിക്കുന്ന മുററത്തെ മുല്ല കാഷ് ക്രഡിററ് മുകളിൽ പരാമർശിച്ച പ്രകാരം വായ്പ നൽകുന്നതിനു മാത്രമേ ഉപയോഗിക്കുകയുള്ളൂ. കുടുംബശ്രീയിൽ നിന്ന് പ്രദേശവാസികൾക്ക് നൽകിയ വായ്പാ തുകയും സംഘത്തിൽ നിന്ന് പിൻവലിച്ച ക്യാഷ് ക്രഡിററ് തുകയും എല്ലാ ആഴ്ചയിലും കൃത്യമായി തുലനം ചെയ്ത് ബന്ധപ്പെട്ട കണക്കുകൾ സംഘത്തിൽ സമർപ്പിക്കുന്നതാണ്.

7. വായ്പയുമായി ബന്ധപ്പെട്ട എല്ലാ കണക്കുകളും ആവശ്യപ്പെടുന്ന മുറക്ക് ബേങ്കിൽ ഹാജരാക്കുന്നതും, ആവശ്യമുളള സമയങ്ങളിലെല്ലാം ബേങ്കിന് പരിശോധന നടത്താവുന്നതുമാണ്.

8. വായ്പ എടുക്കുന്ന വ്യക്തിക്ക് ഏതെങ്കിലും മാരക രോഗം ബാധിച്ച് തിരിച്ചടവ് മുടങ്ങുന്ന സാഹചര്യത്തിലോ, മരണം സംഭവിച്ച് തിരിച്ചടവ് മുടങ്ങുന്ന സാഹചര്യത്തിലോ, മററു കാരണവശാൽ തിരിച്ചടവ് മുടങ്ങുന്ന സാഹചര്യത്തിലോ ഞങ്ങളുടെ കുടുംബശ്രീ യൂണിററ് മുൻകൈ എടുത്ത് ടി വായ്പക്കാരന്റെയോ, വായ്പക്കാരന്റെ ബന്ധുക്കളുടെയോ പേരിൽ ബേങ്കിൽ വായ്പാ അപേക്ഷ സമർപ്പിക്കുന്നതും ബേങ്കിൽ നിന്നും പുതിയ വായ്പ ലഭ്യമാക്കി കുടുംബശ്രീ യൂണിററിൽ നിന്നും വാങ്ങിയ വായ്പ തിരിച്ചടപ്പിക്കുകയും ചെയ്യുന്നതാണ്.

9. ഗഡു സംഖ്യ തിരിച്ചടക്കുന്നതിൽ വീഴ്ചവരുത്തുന്ന വീഴ്ചവരുത്തുന്ന വായ്പക്കാരനിൽ നിന്നും വീഴ്ച വരുത്തുന്ന ഓരോ ഗഡുവിനും റീ കളക്ഷൻ ചാർജ്ജായി പരമാവധി 10 രൂപയും പിഴയായി 2 രൂപയും മാത്രം വായ്പക്കാരനിൽ നിന്ന് ഈടാക്കുന്നതാണ്.

10. ഞങ്ങളുടെ കുടുംബശ്രീ യൂണിററിന് നിശ്ചയിച്ചു നൽകുന്ന പ്രദേശത്ത് അതാത് സമയങ്ങളിൽ വായ്പ നൽകുന്നതിന് ആവശ്യമായ തുക മാത്രമേ ക്യാഷ് ക്രഡിററ് അക്കൗണ്ടിൽ നിന്നും പിൻവലിക്കുകയുള്ളൂ.

11. വായ്പാ തിരിച്ചടവായി ലഭിക്കുന്ന തുക അതാതു ദിവസങ്ങളിൽ തന്നെ ക്യാഷ് ക്രഡിററ് അക്കൗണ്ടിലേക്ക് തിരിച്ചടക്കുന്നതാണ്.

12. വായ്പക്കാരുടെ തിരിച്ചടവ് ശേഷി തുടങ്ങിയ കാര്യങ്ങളെല്ലാം പരിശോധിച്ച് ബോധ്യപ്പെട്ടതിനു ശേഷം മാത്രമേ വായ്പ നൽകുകയുള്ളൂ.

13. വായ്പക്കാരന്റെ തിരിച്ചറിയൽ രേഖ, പ്രോനോട്ട്, ത്രികക്ഷി സമ്മതപത്രം എന്നിവ ഒഴികെ മററൊരു ഈടും വായ്പക്കാരനോട് ആവശ്യപ്പെടുന്നതല്ല.

14. മുററത്തെ മുല്ല വായ്പ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് ഞങ്ങൾ കൂട്ടായി പരിശ്രമിക്കുന്നതും എല്ലാ യോഗങ്ങളിലും പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതുമാണ്.

15. ബേങ്കിൽ നിന്നും അനുവദിക്കുന്ന 10 ലക്ഷം രൂപയുടെ ക്യാഷ് ക്രഡിററ് പരിധി ഏതെങ്കിലും വിധത്തിൽ ദുരുപയോഗം ചെയ്തോ മറെറന്തെങ്കിലും ആവശ്യത്തിന് വിനിയോഗിക്കുകയോ ചെയ്ത് വായ്പ കുടിശ്ശികയായി ബേങ്കിന് ഇക്കാര്യത്തിൽ എന്തെങ്കിലും കഷ്ടനഷ്ടങ്ങൾ സംഭവിച്ചാൽ ആയതിന് ഞങ്ങളും ഞങ്ങളുടെ സ്വത്തുക്കളും ഒററക്കും കൂട്ടായും ബാധ്യസ്ഥമായിരിക്കും.

16. മുററത്തെ മുല്ല വായ്പാ പദ്ധതി സംബന്ധിച്ച സഹകരണസംഘം രജിസ്ട്രാർ അവർകളുടെ 22/06/2018 തീയ്യതിയിലെ 33/2018 , 26/07/2018 തീയ്യതിയിലെ 39/2018 നമ്പർ സർക്കുലർ നിബന്ധനകൾ പൂർണ്ണമായും പാലിച്ച് കൊണ്ട് ഞങ്ങളുടെ പ്രവർത്തന പരിധിയിൽ വട്ടിപലിശക്കാരുടെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ ഞങ്ങൾ ഓരോരുത്തരും ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യുന്നതാണ്.

17. മുററത്തെ മുല്ല ലഘു ഗ്രാമീണ വായ്പ പദ്ധതിയുമായി ബന്ധപ്പെട്ട് ഇപ്പോൾ നിലവിൽ ഉള്ളതും മേലിൽ ഏർപ്പെടുത്തുന്നതുമായ എല്ലാ നിബന്ധനകളും കൃത്യമായി പാലിക്കുന്നതാണെന്നും ഉറപ്പ് നൽകുന്നു.

<u>കുടുംബശ്രീ അംഗങ്ങളുടെ പേരും ഒപ്പും</u>

1

2

3

4

5

6

7

8

9

10

11

12

13

14

15

16

17

18

19

20